തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പത്താമത് ഗവേഷണസഭ യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ,**
**2018 ഒക്ടോബർ 16, രാവിലെ 10.30 മണിക്ക്**

പങ്കെടുത്തവർ:

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ)
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻചാർജ്ജ്)
3. ഡോ. സി. അച്യുതനുണ്ണി
4. ഡോ. എ.കെ. നമ്പ്യാർ
5. ഡോ. സി.എം. നീലകണ്ഠൻ
6. ഡോ. എം. ശ്രീനാഥൻ

വൈസ് ചാൻസലറുടെ ആമുഖത്തോടെ രാവിലെ 10.30 ന് യോഗം ആരംഭിച്ചു. മറ്റ് സർവകലാശാലാ ഗവേഷണചട്ടങ്ങൾക്കനുസൃതമായി മലയാളസർവകലാശാലയും ചട്ടങ്ങൾ തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കി. ഗവേഷണവുമായി ബന്ധപ്പെട്ട് ഗവേഷകർക്കുള്ള പലവിധ സംശയങ്ങൾ പരിഹരിക്കേണ്ടതുണ്ടെന്നും ഗവേഷണ കാലാവധി, ഫെലോഷിപ്പ്, പ്രബന്ധസമർപ്പണം, പ്രീസബ്മിഷൻ തുടങ്ങിയ എല്ലാ കാര്യങ്ങളും തീരുമാനിക്കത്തക്ക വിധത്തിൽ ഒരു വിശദചർച്ച നടത്തേണ്ടതുണ്ടെന്നും വൈസ് ചാൻസലർ നിർദ്ദേശിച്ചു.

ഇനം **1/10** | **ഒമ്പതാമത് ഗവേഷണസഭാ യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം 1/10** ഒമ്പതാമത് ഗവേഷണസഭാ യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം
**2/10**

## വൈസ് ചാൻസലറുടെ റിപ്പോർട്ട്

**തീരുമാനം 2/10** വൈസ് ചാൻസലറുടെ റിപ്പോർട്ട് അംഗീകരിച്ചു.

ഇനം
**3/10**

## ഗവേഷണനയം രൂപീകരിക്കൽ

**തീരുമാനം 3/10** ഗവേഷണനയം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗവേഷണചട്ടങ്ങൾ പരിഷ്കരിക്കാൻ തീരുമാനിച്ചു. ചട്ടം പരിഷ്കരിക്കുന്നതിനുവേണ്ടി രജിസ്ട്രാർ, ഡോ. കെ.എം. അനിൽ, പ്രൊഫ. എം. ശ്രീനാഥൻ എന്നിവരുൾപ്പെടുന്ന സബ്കമ്മിറ്റിയെ നിയോഗിക്കാൻ തീരുമാനിച്ചു. നവംബർ 10 നു മുമ്പ് സബ്കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുവാനും നവംബർ 26 ന് റിസർച്ച് കൗൺസിലിന്റെ അടുത്ത യോഗത്തിൽ അത് ചർച്ച ചെയ്യുവാനും തീരുമാനിച്ചു.

ഇനം
**4/10**

## ഗവേഷണവിദ്യാർത്ഥികൾക്ക് അവധി അനുവദിക്കൽ

**തീരുമാനം 4/10** ആറു മാസത്തെ കോഴ്സ് വർക്ക് പൂർത്തിയാക്കുന്ന ഒരു ഗവേഷണവിദ്യാർത്ഥി ജോലി കിട്ടിപോകുകയാണെങ്കിൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം ആ ഗവേഷകയുടെ ഗവേഷണ പ്രോഗ്രാം പാർട്ട് ടൈം ആക്കാവുന്നതാണ്. ഇവർ പരമാവധി 6 വർഷത്തിനുള്ളിൽ പ്രബന്ധം സമർപിക്കേണ്ടതാണ്. അങ്ങനെയുള്ള വിദ്യാർത്ഥികൾ വർഷം തോറുമുള്ള ക്രെഡിറ്റ് നേടാനായി സർവകലാശാലയിൽ പ്രതിവർഷം 30 ദിവസത്തെ ഹാജർ നിർബന്ധമായും നേടിയിരിക്കണം.

ഗവേഷകവിദ്യാർത്ഥികളുടെ വിവിധതരത്തിലുള്ള ലീവുകളെ സംബന്ധിച്ച് താഴെ പ്പറയുന്ന തീരുമാനമെടുത്തു.

| | | |
|---|---|---|
| 1. | കാഷ്വൽ ലീവ് | - പരമാവധി 12 |
| 2. | ഫീൽഡ് വർക്ക് / ലൈബ്രറി<br>ഗൈഡിന്റെ / സന്ദർശിച്ച സ്ഥാപനത്തിന്റെ<br>സർട്ടിഫിക്കറ്റ് പ്രകാരം | - പരമാവധി 56 |
| 3. | മെഡിക്കൽ അവധി | - പരമാവധി 10 |
| 4 | ഡ്യൂട്ടി ലീവ് (സെമിനാറുകൾ ഉൾപ്പെടെ) | - പരമാവധി 12 |
| | **ആകെ വർഷത്തിൽ** | **- 90** |

സ്ത്രീകൾക്ക് പ്രസവാവധി
കേരളസർക്കാർ നിയമപ്രകാരം - 180 ദിവസം

പെറ്റേണിറ്റി ലീവ് - 14 ദിവസം

ആകെയുള്ള 90 അവധിക്കു പുറമേ പ്രത്യേക വിഷയത്തിൽ ഫീൽഡ് വർക്ക് ആവശ്യമുള്ളവർക്ക് ഗൈഡിന്റെ ശുപാർശയോടുകൂടി വി.സി.യുടെ പ്രത്യേക അനുമതി തേടാവുന്നതാണ്.

പിഎച്ച്.ഡി. ഗവേഷകർക്ക് സർവകലാശാല ഫെലോഷിപ്പ് കാലാവധി 3 വർഷമായിരിക്കും. എം.ഫിൽ കഴിഞ്ഞുവരുന്നവർക്ക് ഇത് രണ്ടര വർഷമായിരിക്കും.

ഇതിനുശേഷം ഫെലോഷിപ്പില്ലാതെ ഒരു വർഷം കൂടി മാർഗനിർദേശകന്റെ ശുപാർശയോടെയും വി.സി.യുടെ പ്രത്യേകാനുമതിയോടുകൂടിയും ഗവേഷണ കാലാവധി നീട്ടികൊടുക്കാവുന്നതാണ്. ഇതിനുള്ള ഫൈൻ സർവകലാശാല നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

സർവകലാശാലയുടേതല്ലാത്ത യു.ജി.സി - ജെ.ആർ.എഫ്. പോലെയുള്ള ഫെലോഷിപ്പുകൾ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 6 വർഷം വരെ പ്രബന്ധം സമർപിക്കുവാൻ സൗകര്യം നൽകുന്നതാണ്.

ഇനം **5/10**

## യുണിക്കോഡ് ഫോണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച്

**തീരുമാനം 5/10** യുണീക്കോഡ് ഫോണ്ടിൽത്തന്നെ പ്രബന്ധം സമർപിക്കേണ്ടതാണ്.

ഇനം **6/10**

## 2018-19 വർഷത്തെ എം.ഫിൽ, പിഎച്ച്.ഡി പ്രവേശനം

**തീരുമാനം 6/10** സർക്കാരിന്റെ നിർദ്ദേശാനുസരണം വി.സി.ക്കു നിർദ്ദേശിക്കാവുന്നതാണ്.

ഇനം **7/10**

## നിലവിലെ പിഎച്ച്.ഡി ഗവേഷകരുടെ പ്രബന്ധ സമർപ്പണം

**തീരുമാനം 7/10** വിഷയം ചർച്ച ചെയ്തു താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

എല്ലാ പിഎച്ച്.ഡി. പ്രബന്ധസമർപ്പണത്തിനും പ്രീസബ്മിഷൻ സെമിനാർ ഉണ്ടായിരിക്കണം.

നിലവിൽ ഗവേഷണപ്രബന്ധം സമർപ്പിക്കാൻ തയ്യാറെടുക്കുന്നവർ 2018 നവം ബർ 20 നു മുമ്പ് പ്രീ-സബ്മിഷൻ സെമിനാർ നടത്തേണ്ടതാണ്.

2019 ഫെബ്രുവരി 28 നു മുമ്പ് അവർ പ്രബന്ധം സമർപിക്കേണ്ടതുമാണ്.

പ്രീസബ്മിഷൻ സെമിനാറിന് പുറത്തുനിന്നുള്ള ഒരു വിഷയ വിദഗ്ദ്ധൻ, വകുപ്പ് തലവൻ, ഡീൻ, മാർഗനിർദ്ദേശകൻ എന്നിവർ പങ്കെടുക്കണം.

വിഷയവിദഗ്ദ്ധരായ മൂന്നുപേരുടെ ഒരു പാനൽ (എക്സ്റ്റേണൽ) മാർഗദർശി വൈസ് ചാൻസലർക്കു സമർപിക്കേണ്ടതാണ്.

അന്തിമ പ്രബന്ധമൂല്യനിർണയത്തിനായി മാർഗദർശി വൈസ് ചാൻസലർക്കു സമർപ്പിക്കുന്ന പട്ടികയിൽ ദേശീയതലത്തിൽ യോഗ്യരായ പത്തുപേരുണ്ടായിരിക്കണം. ഇതിൽ നിന്നും മൂന്നു പേരെ വൈസ് ചാൻസലർക്കു തെരഞ്ഞെടുക്കാവുന്നതാണ്.

മൂല്യനിർണയത്തിനു ശേഷം നടത്തുന്ന തുറന്ന സംവാദത്തിൽ (ഓപ്പൺ വൈവ) ബാഹ്യപരിശോധകനായിരിക്കും ചെയർപേഴ്സൺ. മാർഗദർശി കൺവീനറായിരിക്കും. പ്രസ്തുത സംവാദത്തിൽ കുറഞ്ഞത് മുപ്പതുപേർ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

## 8/10 മറ്റിനങ്ങൾ

1. സംസ്കാരപൈതൃകപഠന ഫാക്കൽറ്റിയുടെ കീഴിലുള്ള പിഎച്ച്.ഡി.യുടെ സർട്ടിഫിക്കറ്റിൽ ആവശ്യാധിഷ്ഠിതമായ മാറ്റം രേഖപ്പെടുത്തൽ അതിനായി നിയോഗിച്ച കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും. അതിന് റിസർച്ച് കൗൺസിലിന്റെ തീരുമാനവും ആവശ്യമാണ്.

2. അന്തർവൈജ്ഞാനിക വിഷയങ്ങളിൽ റിസർച്ച് അഡ്വൈസറി കൺസിലിന്റെ അഭിപ്രായപ്രകാരം കോ-ഗൈഡിനെ നിയോഗിക്കാവുന്നതാണ്.

3. പിഎച്ച്.ഡി. സമർപ്പണത്തിന് രണ്ട് അംഗീകൃത ജേണലുകളിലെ പ്രബന്ധങ്ങൾ (റിസർച്ച് കൗൺസിൽ അംഗീകരിച്ച ജേണലുകൾ), രണ്ട് സെമിനാർ അവതരണം എന്നിവ നിർബന്ധമാണ്.

യോഗം 1.30 ന് അവസാനിച്ചു.

ഡോ. അനിൽ വള്ളത്തോൾ
വൈസ് ചാൻസലർ